ഹരിതകേരളം മിഷൻ
കേരളസർക്കാർ

07.03.2019

# പത്രക്കുറിപ്പ്

## വരൾച്ചാ പ്രതിരോധം
## ഹരിതകേരളം മിഷൻ – ജലമാണ് ജീവൻ
## അയൽക്കൂട്ട ജലസഭകൾ സംഘടിപ്പിക്കുന്നു

വരൾച്ച അതിരൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണവും ജലമിതവ്യയവും എല്ലാ വീടുകളിലും നടപ്പാക്കുന്നതിനായി ഹരിതകേരളം മിഷൻ കുടുംബശ്രീയുമായി ചേർന്ന് വിപുലമായ ക്യാമ്പയിൻ പ്രവർത്തനം സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി മാർച്ച് 22 ജലദിനം മുതൽ 3 ദിവസങ്ങളിലായി 2.75 ലക്ഷം അയൽക്കൂട്ടങ്ങളിൽ ജലമാണ് ജീവൻ അയൽക്കൂട്ട ജല സഭ സംഘടിപ്പിക്കും. ഓരോ വീട്ടിലും കുടിവെള്ളത്തിന്റെയും മറ്റാവശ്യങ്ങൾക്കുള്ള വെള്ള ത്തിന്റെയും ഉപയോഗം കാര്യക്ഷമമാക്കുന്നതിനും കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ അവ തരിപ്പിക്കും. കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പൊതുജ നങ്ങളുടെ സഹകരണത്തോടെ കുളങ്ങൾ, കിണറുകൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവ വൃത്തി യാക്കി വെള്ളം ലഭ്യമാക്കുന്ന പ്രവർത്തനം നടത്തും. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കുടി വെള്ള ക്ഷാമം അനുഭവിക്കുന്ന വീടുകളിൽ മറ്റ് വീടുകളിൽ നിന്നും വെള്ളം ലഭ്യമാക്കുന്ന പ്രവർത്തനം നടത്തും. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വീടുകളിൽ മറ്റ് വീടുകളിൽ നിന്നും വെള്ളം ലഭ്യമാക്കുന്നതിനുള്ള സസംവിധാനം ഒരുക്കും. തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന കുടിവെള്ളം എല്ലാവർക്കും ലഭിക്കുന്ന തര ത്തിൽ വിതരണം കാര്യക്ഷമമാക്കുന്നതിനും സംവിധാനമുണ്ടാക്കും. ഇതിനായി ഹരിതകേരളം മിഷൻ പ്രസിദ്ധീകരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കുടുംബശ്രീ പ്രവർത്തകർ എല്ലാ വീടുകളിലും എത്തിക്കുകയും പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.

Sd/-
**ഡോ.ടി.എൻ.സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**